കർഷകർക്ക് സൗജന്യമായി നെൽവിത്തു വിതരണം

587 [845] ശ്രീ. എം. കെ. കൃഷ്ണൻ:

,, എൻ. വാസുദേവൻപിള്ള:

,, പി.വി. കുഞ്ഞിക്കണ്ണൻ:

,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കകെടുതിയെത്തുടർന്നു കർഷകർക്ക് സൗജന്യമായി നെൽവിത്തു വിതരണം ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര വിത്തു വിതരണം ചെയ്തു; ഓരോ ജില്ലയിലും എത്ര വീതം;

(സി) വിത്തുവിതരണത്തിൽ വ്യാപകമായ അഴിമതി നടന്നിട്ടുണ്ടെന്ന് എന്തെങ്കിലും ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്താണാക്ഷേപം ഇതിൽ വല്ല അന്വേഷണവും നടത്തിയോ, നടത്തിയെങ്കിൽ എന്താണ് അന്വേഷണത്തിൽ വെളിവായതെന്നു വ്യക്തമാക്കുമോ;

(ഇ) അന്വേഷണത്തെ തുടർന്നു ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ എന്തൊക്കെ നടപടി?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 574.721 ടൺ നെൽവിത്തു വിതരണം ചെയ്തു. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്:

തിരുവനന്തപുരം	10.200 ടൺ
കൊല്ലം	5.053 ,,
ആലപ്പുഴ	450.300 ,,
എറണാകുളം	4.000 ,,
തൃശ്ശൂർ	105.162 ,,

(സി) വിത്തുവിതരണത്തിൽ വ്യാപകമായി അഴിമതി നടന്നതായി പൊതുവേ ആക്ഷേപങ്ങളും ഉണ്ടായിട്ടില്ല. ആലപ്പുഴ ജില്ലയിൽ മാത്രം ചില ക്രമക്കേടുകളും നടന്നതായി ആരോപണമുണ്ട്.

(ഡി) ഗുണനിലവാരം കുറഞ്ഞ വിത്താണ് ചില പ്രദേശങ്ങളിൽ വിതരണം ചെയ്തതെന്നും വിതരണം ചെയ്തവിത്തിന് വില്പന നികുതി അനധികൃതമായി ഈടാക്കിയെന്നുമാണ് ആരോപണങ്ങളും. ഇതേപ്പറ്റി വിശദമായ അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly